**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ നഗരസഭ/മുനിസിപ്പൽ കോർപ്പറേഷൻ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ശമ്പള പരിഷ്കരണം മുഖേനയുണ്ടായ ശമ്പള കുടിശ്ശിക അനുവദിക്കുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.294/2022/തസ്വഭവ തീയതി, തിരുവനന്തപുരം : 09/02/2022

പരാമർശം : 1) സ.ഉ.(കൈ) 89/2021/ധന തീയതി 12-8-2021

2) ശമ്പള പരിഷ്കരണ കുടിശ്ശിക രൊക്കം പണമായി നൽകണമെന്ന ആവശ്യവുമായി ജീവനക്കാരുടെ സംഘടനകൾ സമർപ്പിച്ചിരുന്ന നിവേദനങ്ങൾ..

3) നഗരകാര്യ ഡയറക്ടറുടെ 30-9-2021 ലെ ഇ 2-809/2015ാം നമ്പർ ഉത്തരവ്.

**ഉത്തരവ്**

സംസ്ഥാനത്തെ നഗരസഭ/മുനിസിപ്പൽ കോർപ്പറേഷനുകളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ട് സൂചന(1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.ശമ്പള പരിഷ്കരണ കുടിശ്ശിക രൊക്കം പണമായി നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് ജീവനക്കാരുടെ വിവിധ സംഘടനകൾ നിവേദനം നൽകിയിരുന്നു.

2) കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ നഗരസഭകളിലെയും മുനിസിപ്പൽ കോർപ്പറേഷനുകളിലെയും സാമ്പത്തിക സ്ഥിതി വളരെയധികം പരിതാപകരമാണ് എന്നും 01.07.2019 നും ശമ്പള പരിഷ്കരണ ഉത്തരവിനും ഇടയിൽ വിരമിച്ച സംസ്ഥാനത്തെ നഗരസഭ/മുനിസിപ്പൽ കോർപ്പറേഷൻ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ശമ്പള പരിഷ്കരണം മുഖേനയുണ്ടായ ശമ്പള കുടിശ്ശിക 6 മാസത്തിനകം രൊക്കം പണമായി അനുവദിക്കാവുന്നതും മറ്റുള്ളവരുടെ കാര്യത്തിൽ രണ്ട് ഗഡുക്കളായി അനുവദിക്കാവുന്നതുമാണ് എന്നും നഗരകാര്യഡയറക്ടർ സൂചന(3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നഗരസഭകളിലേയും മുനിസിപ്പൽ കോർപ്പറേഷനുകളിലേയും സാമ്പത്തിക സ്ഥിതി വളരെയധികം പരിതാപകരമാണെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ നഗരസഭ/മുനിസിപ്പൽ കോർപ്പറേഷൻ കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് ചുവടെ ചേർക്കും പ്രകാരം 2019 ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ച്

ഉത്തരവാകുന്നു.

1. 01/07/2019 മുതൽ ശമ്പള പരിഷ്കരണ ഉത്തരവ് അനുവദിച്ച് കൊണ്ടുള്ള ഉത്തരവ് തീയതി വരെ വിരമിക്കുന്ന കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് ഉത്തരവ് തീയതി മുതൽ ആറ് മാസത്തിനകവും ഉത്തരവ് തീയതിക്ക് ശേഷം വിരമിക്കുന്ന ജീവനക്കാർക്ക് വിരമിക്കൽ തീയതി മുതൽ ആറ് മാസത്തിനകവും ശമ്പള പരിഷ്കരണ കുടിശ്ശിക രൊക്കം പണമായി അനുവദിക്കാവുന്നതാണ്.

2.മറ്റുള്ള കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക രണ്ട് തുല്യ ഗഡുക്കളായി, ആദ്യ ഗഡു 2022 ഏപ്രിൽ മാസത്തിലും രണ്ടാമത്തെ ഗഡു 2023 ഏപ്രിൽ മാസത്തിലും രൊക്കം പണമായി അനുവദിക്കാവുന്നതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**ബിജു പ്രഭാകർ**

**സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ